# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 5754 — 03.11.16 ലെ മറുപടി

## ഭാരതപ്പുഴ-ചെറുതിരുത്തി തടയണ പ്രവർത്തി പൂർത്തീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) ജലവിഭവ വകുപ്പിന്റെ ഇറിഗേഷൻ വിഭാഗം 2007-ൽ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതിരുത്തി തടയണയ്ക്ക് ഭരണാനുമതി നൽകിയ പ്രവർത്തി മുടങ്ങി കിടക്കാൻ കാരണമെന്താണെന്ന് വിശദമാക്കുമോ; | (എ) ചേലക്കര മണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതുരുത്തി പാലത്തിന് താഴ് ഭാഗത്തായി തടയണ നിർമാണത്തിനായി റിവർ മാനേജ്മെന്റിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 41.29% അധിക നിരക്കിൽ കരാർ ഉടമ്പടി ചെയ്തു പ്രവൃത്തി തുടങ്ങി. എന്നാൽ 10.01.2012 ൽ കരാറുകാരൻ മരണപ്പെടുകയും കരാറുകാരന്റെ നോമിനി പ്രവൃത്തി തുടരാൻ വിസമ്മതിക്കുകയും ചെയ്തതിനാൽ 02.04.2012ൽ കരാർ റദ്ദു ചെയ്യേണ്ടി വന്നു. പൊതുമരാമത്ത് വകുപ്പിലെ നിരക്ക് മാറിയതിനനുസരിച്ച് 2012 ൽ 12.20 കോടി രൂപയ്ക്കും 2014 ൽ 14.50 കോടി രൂപയ്ക്കും ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും റിവർ മാനേജ്മെന്റിന്റെ ഫണ്ടിൽ നിന്നും അംഗീകാരം ലഭിക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ആവശ്യമായ തുക ഉണ്ടായിട്ടും പ്രസ്തുത ഫണ്ടിൽ നിന്നും ആവശ്യമായ തുക റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുവദിച്ച് ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിൽ കഴിഞ്ഞ സർക്കാരിന് വൻ വീഴ്ച പറ്റിയെന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| (സി) ഉണ്ടെങ്കിൽ ചെറുതിരുത്തി, ദേശമംഗലം പഞ്ചായത്തുകളിലെയും ഷൊർണ്ണൂർ മുനിസിപ്പൽ പ്രദേശത്തയും ആയിരക്കണക്കിന് കർഷകരും, ജനങ്ങളും വെള്ളം കിട്ടാതെ ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ആർ.എം.എഫ് ഫണ്ടിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനും, പ്രവർത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി അവ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ: സ്വീകരിക്കുമെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) പ്രസ്തുത പ്രദേശത്തെ ജനങ്ങളും കർഷകരും ജലക്ഷാമം മൂലം ബുദ്ധിമുട്ടുന്നത് കണക്കിലെടുത്ത് ടി. തടയണയ്ക്കു റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്രയും വേഗം ഫണ്ട് അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് കണ്ടിഷനിൽ വ്യതിയാനം സംഭവിച്ചിട്ടുളളതിനാൽ നിലവിലുളള രൂപകൽപന ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ല. ആയതിനാൽ ടി. തടയണയുടെ നിർമ്മാണത്തിന് പുതുക്കിയ പദ്ധതി സമയ ബന്ധിതമായി തയ്യാറാക്കുവാൻ സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**